## കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ നടപടിക്രമം
**(ഹാജർ : സുധീർ കെ ഐ.എ.എസ് )**

കോളേജ് വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം - കോളേജ് വിദ്യാഭ്യാസ വകുപ്പിൽ ഇ-ട്രഷറി, e TR 5, വകുപ്പ് പോർട്ടൽ എന്നിവയുമായി ബന്ധപ്പെട്ട് ഉയരുന്ന പ്രശ്നങ്ങൾ അറിയിക്കാനായി / പരിഹരിക്കാനായി നോഡൽ ഓഫീസറെ നിയോഗിച്ച് ഉത്തരവാകുന്നു.

---

**DCETVM/9745/2024-C4** തീയതി :**12-12-2024**

---

പരാമർശം : ട്രഷറി ഡയറക്ടറുടെ **30/08/2024** ലെ **TRY/5199/2023-ETRY3** നമ്പർ കത്ത്

## ഉത്തരവ്

കോളേജ് വിദ്യാഭ്യാസ വകുപ്പിൽ **e-TR5** നടപ്പിലാക്കിയതിന്റെ ഭാഗമായി സർക്കാർ ഒടുക്കുകൾ ഇടപാട് നടത്തുന്ന ദിവസമോ അല്ലെങ്കിൽ അടുത്ത ദിവസമോ ട്രഷറിയിൽ ഒടുക്കേണ്ടതുണ്ട്. **2024** ജൂലൈ വരെയുള്ള **e-TR5** ഇടപാടുകൾ പരിശോധിക്കുമ്പോൾ വകുപ്പിന് കീഴിലെ ഓഫീസുകൾ ഇടപാടുകാരിൽ നിന്നും **e-TR5** വഴി സ്വീകരിച്ച നിരവധി തുകകൾ സർക്കാരിലേയ്ക്ക് ഒടുക്കാതെ ഓഫീസുകളിൽ തന്നെ നിലനിൽക്കുന്നതായി കാണുന്നു എന്ന് പരാമർശ പ്രകാരം ട്രഷറി ഡയറക്ടർ അറിയിച്ചിരിക്കുന്നു.

കോളേജ് വിദ്യാഭ്യാസ വകുപ്പിൽ നിന്നും സർക്കാരിലേയ്ക്ക് എത്തേണ്ട യഥാർത്ഥ വരവുകൾ സർക്കാരിനു പൂർണമായും ലഭിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പ് വരുത്തുന്നതിനും ഇ-ട്രഷറി, **e-TR5**, വകുപ്പ് പോർട്ടൽ എന്നിവയുമായി ബന്ധപ്പെട്ട് ഉയരുന്ന പ്രശ്നങ്ങൾ അറിയിക്കാനായി / പരിഹരിക്കാനായി ഒരു നോഡൽ ഓഫീസറെ നിയമിക്കേണ്ടതുണ്ട്.

മേൽ സാഹചര്യത്തിൽ ആസ്ഥാനകാര്യാലയത്തിലെ പി എഫ് സെക്ഷൻ അക്കൌണ്ട്സ് ഓഫീസർ ശ്രീ സുധീർ എം എസ് (ഫോൺ നമ്പർ: **9495373899**) നെ ഇ-ട്രഷറി, **e TR 5**, വകുപ്പ് പോർട്ടൽ എന്നിവയുമായി ബന്ധപ്പെട്ട് ഉയരുന്ന പ്രശ്നങ്ങൾ അറിയിക്കാനായി / പരിഹരിക്കാനായി നോഡൽ ഓഫീസറായി ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

Signed by
Sudhir K
Date: 12-12-2024 21:32:47

**Sudhir K IAS**
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

സ്വീകർത്താവ് :
ശ്രീ സുധീർ എം എസ്, അക്കൌണ്ട്സ് ഓഫീസർ (പരാമർശം കത്തിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു)

പകർപ്പ് :
1.സി.എ (ഡി.സി.ഇ, അഡീഷണൽ ഡയറക്ടർ, സീനിയർ എ.ഒ , ഡപ്യൂട്ടി ഡയറക്ടർ)
2.എല്ലാ ഡപ്യൂട്ടി ഡയറക്ടർമാർക്കും, പ്രിൻസിപ്പാൾമാർക്കും
3.ആസ്ഥാന കാര്യാലയത്തിലെ എല്ലാ അക്കൌണ്ടസ് ഓഫീസർമാർക്ക്, സെക്ഷൻ സൂപ്രണ്ടുമാർക്ക്